## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 140** **26.09. 2011-ൽ മറുപടിക്ക്.**

### ആയുധ ലൈസൻസുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ആയുധ ലൈസൻസുകൾ പുതുക്കി നൽകുന്നതിൽ കാലതാമസമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : | (എ) ഇല്ല. എന്നാൽ ആയുധവ്യാപനം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഏതാനും നിയന്ത്രണങ്ങൾ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ലൈസൻസ് പുതുക്കുവാൻ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ ; | : | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) ലൈസൻസ് പുതുക്കി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>(ഡി) ജില്ലാതല അദാലത്തുകൾ നടത്തി കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | : | (സി) & (ഡി)<br>മതിയായ രേഖകളുടെ അഭാവത്താലും നടപടി ക്രമങ്ങൾ പാലിക്കാതെയും സമർപ്പിക്കുന്ന അപേക്ഷകളിൽ ലൈസൻസ് പുതുക്കി നൽകാറില്ല. വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ ആയുധ ലൈസൻസിന്റെ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ നിർവ്വാഹമുള്ളൂ. ആയതിനാൽ അദാലത്ത് നടത്തി അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ നിർവ്വാഹമില്ല. |

(മറുപുറം)

(ഇ) പുതിയ ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനുമുള്ള വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുവാൻ തയ്യാറാകുമോ ?

: (ഇ) ആയുധ ലൈസൻസുകൾ അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് കേന്ദ്ര സർക്കാരാണ്.

സെക്ഷൻ ഓഫീസർ